## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5845

07/07/2014 -ൽ
മറുപടിയ്ക്ക്

### ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി മുഖേന നടപ്പിലാക്കുന്ന മലയോര റോഡുകളുടെ പുനരുദ്ധാരണ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി മുഖേന നടപ്പിലാക്കുന്ന മലയോര റോഡുകളുടെ പുനരുദ്ധാരണ പദ്ധതി പ്രവർത്തനത്തിന് 2013-14 ൽ എത്ര തുക ചെലവഴിക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ; | (എ) | 1,23,41,178/- രൂപ ചെലവഴിക്കുകയുണ്ടായി. |
| (ബി) | ഏതെല്ലാം ജില്ലകളിൽ എത്ര തുക വീതമാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | (പട്ടിക താഴെ) |
| (സി) | കണ്ണൂർ ജില്ലയിൽ ആകെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; | (സി) | 13,98,473 രൂപ ചെലവഴിച്ചു |
| (ഡി) | കണ്ണൂർ ജില്ലയിൽ ഏതെല്ലാം നിയോജകമണ്ഡലങ്ങളിലെ ഏതെല്ലാം റോഡുകൾക്കാണ് തുക അനുവദിച്ചതെന്ന് വ്യക്തമാക്കുമോ; ഓരോ റോഡിനും എത്ര തുക വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |

(ബി)

| ജില്ല | ചെലവഴിച്ച തുക |
|---|---|
| കണ്ണൂർ | 13,98,473 |
| മലപ്പുറം | 40,00,000 |
| കോഴിക്കോട് | 19,43,121 |
| പാലക്കാട് | 39,99,584 |
| കോട്ടയം | 10,00,000 |
| ആകെ | **1,23,41,178** |

| | | | |
|---|---|---|---|
| (ഇ) | മലയോര റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ റോഡുകളെ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ച പൊതുമാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; | (ഇ) | വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പഞ്ചായത്തുകളിലാണ് പ്രവർത്തികൾ അനുവദിക്കുന്നത്. 800 മീറ്ററിൽ കൂടുതൽ ഉയരമുള്ളതും അല്ലെങ്കിൽ പാരിസ്ഥിതിക ദുരന്തങ്ങൾക്ക് വിധേയമായതുമായ പഞ്ചായത്തുകളെയാണ് ഹാഡ വികസന പ്രവർത്തനങ്ങൾക്കായി ഏറ്റെടുക്കുന്നതിന്, ഒന്നാംഘട്ടത്തിൽ, ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പഞ്ചായത്തുകളിൽ ജനപ്രതിനിധികളും പഞ്ചായത്തുകളും നൽകുന്ന ശുപാർശ വിശദമായി പരിശോധിച്ച് 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് പ്രവർത്തികൾ അനുവദിക്കുന്നു. |

Bijumon

സെക്ഷൻ ഓഫീസർ